**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

<u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

ജില്ല : പത്തനംതിട്ട

ബ്ലോക്ക് : പറക്കോട്

ഗ്രാമ പഞ്ചായത്ത് : ഏറത്ത്

വാർഡ് : 10, മഹർഷിക്കാവ്

2018 ഒക്ടോബർ 1 -2019 മാർച്ച് 31

തയ്യാറാക്കിയത്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ പദ്ധതി സോഷ്യൽ ഓഡിറ്റ്,

പറക്കോട് ബ്ലോക്ക്

VRP അഞ്ജലി. ആർ

VRP മഞ്ജു മനോഹരൻ

VRP അനില. എസ്

**ആമുഖം**

അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നതോടൊപ്പം; ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളും ഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

**രീതിശാസ്ത്രം**

1. വാർഡിൽ സോഷ്യൽ ഓഡിറ്റ് കാലയളവിൽ പൂർത്തിയാക്കിയ പ്രവർത്തി ഫയലുകളും, 7 രജിസ്റ്ററുകളും പരിശോധിച്ചു.
2. ഫയൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വില്ലേജ് റിസോഴ്സ് പേഴ്സൺ പരിശോധിച്ച ഫയൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തിയുടെ അളവുകൾ എടുക്കുകയും ചെയ്തു.
3.തൊഴിലാളികളുടെ തൊഴിൽ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയും ഗുണഭോക്താക്കളുടെ പറമ്പുകളിൽ നടത്തിയ പ്രവർത്തികളുടെ ഗുണമേന്മയെ കുറിച്ച് ഗുണഭോക്താക്കളോട് ചോദിച്ചു മനസ്സിലാക്കി. 4.ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി.

## വാർഡിനെ കുറിച്ച്

| | |
|---|---|
| ജില്ല | : പത്തനംതിട്ട |
| ബ്ലോക്ക് | :പറക്കോട് |
| പഞ്ചായത്ത് | :ഏറത് |
| വാർഡ് | :10, മഹർഷികാവ് |
| ജനസംഖ്യ | :1440 |
| സ്ത്രീകൾ | :725 |
| പുരുഷന്മാർ | :715 |
| ആകെ വീടുകൾ | :390 |
| എസ്. സി കുടുംബങ്ങൾ | :89 |
| എസ്. ടി കുടുംബങ്ങൾ | :170 |
| ബി. പി. എൽ കുടുംബങ്ങൾ | :220 |
| അയൽക്കൂട്ടങ്ങൾ | :8 |
| എസ്. സി കോളനി | :3 |
| അംഗനവാടി | :1 |
| പൊതു കിണർ | :1 |

## അതിരുകൾ

| | |
|---|---|
| കിഴക്ക് | :അടൂർ കൊട്ടാരക്കര MC റോഡ് |
| പടിഞ്ഞാറ് | :കടമ്പനാട് കന്നിമല റോഡ് |
| തെക്ക് | :കൂനമ്പാല വിള കന്നിമല റോഡ് |
| വടക്ക് | :പുതുശ്ശേരി ഭാഗം ചൂരക്കോട് റോഡ് |

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഡിലെ ആകെയുള്ള

| | |
|---|---|
| തൊഴിൽകാർഡുകൾ | :211 |
| സജീവ തൊഴിലാളികൾ | :63 |

നൂറു ദിനം പൂർത്തീകരിച്ചവർ :33

ഓഡിറ്റിനു തിരഞ്ഞെടുത്ത പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | തൊഴിൽ ദിനങ്ങൾ | എസ്റ്റിമേറ്റ് തുക | ചിലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മൺ കയ്യാല | LD/313630 | 1450 | 444810 | 392749 |
| 2 | കല്ല് കയ്യാല | IF/378877 | 4 | 45994 | 20304 |
| 3 | കിണർ നിർമാണം | IF/395603 | 39 | 77250 | 34882 |
| 4 | കല്ല് കയ്യാല | LD/371337 | 9 | 85023 | 38884 |
| 5 | കിണർ നിർമാണം | IF/381841 | 30 | 77250 | 35640 |
| 6 | വ്യക്തിഗത കക്കൂസ് നിർമാണം | IF/373000 | 5 | 12002 | 12000 |

**<u>പഞ്ചായത്ത് സൂക്ഷിക്കണ്ടേ 7 രജിസ്റ്ററുകൾ</u>**

കന്ദ്രേ സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴപ്പെറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കണ്ടേതാണ്

| Sl. No | 7 രജിസ്റ്ററുകൾ | പരിശോധനയിൽ കണ്ടത്തിയ വിവരങ്ങൾ |
|---|---|---|
| <u>1</u> | **<u>തൊഴിൽ കാർഡ് രജിസ്റ്റർ</u>** | തൊഴിൽ കാർഡിന് അപക്ഷേിച്ച തൊഴിലാളികളുടെ പരേും വിവരങ്ങളും രഖേപ്പടെുത്തിയിരിക്കുന്നു |
| 2 | **<u>ഗ്രാമസഭാ രജിസ്റ്റർ</u>** | ഈ വാർഡിൽ തൊഴിലുറപ്പിലൂടെ ഏറ്റടെുക്കാവുന്ന പ്രവർത്തിയെ പറ്റി നടന്ന ഗ്രാമസഭയുടെ വിശദാംശങ്ങൾ രഖേപ്പടെുത്തിയിട്ടുണ്ട് |
| 3 | **<u>തൊഴിൽ ആവശ്യപ്പടെുന്നതും അനുവദിക്കുന്നതും സംബന്ധിച്ച രജിസ്റ്റർ</u>** | *പരിശോധന നടത്തിയ എല്ലാ പ്രവർത്തികളുടെയും വിവരങ്ങൾ ഉൾപ്പടെുത്തിയിട്ടുണ്ട്<br><br>വതേനം നൽകുന്നത് സംബന്ധിച്ചു : പരിശോധന നടത്തിയ എല്ലാ ഫയലിലെയും മസ്റ്റർ റോൾ പ്രകാരമുള്ള വതേനത്തിന്റെ |

| | | |
|---|---|---|
| | | വിവരങ്ങൾ നൽകിയിട്ടുണ്ട്. |
| 4 | **തൊഴിലിനായുള്ള രജിസ്റ്റർ** | പരിശോധന നടത്തിയ എല്ലാ പ്രവർത്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 5 | **സ്ഥിര ആസ്തി രജിസ്റ്റർ** | പരിശോധന നടത്തിയ എല്ലാ പ്രവർത്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 6 | **പരാതി രജിസ്റ്റർ** | യാതൊരു പരാതിയും രേഖപ്പെടുത്തിയിട്ടില്ല. |
| 7 | **സാധന രജിസ്റ്റർ** | പരിശോധന നടത്തിയ എല്ലാ പ്രവർത്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് |

**<u>സോഷ്യൽ ഓഡിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>**

1.ഫയലുകൾ ഭംഗിയായി ബൈൻഡ് ചെയ്തിട്ടുണ്ട്.

2.കവർപേജ് എ എം സിയുടെ അനുബന്ധം 2.23(1) പ്രകാരമുള്ള കവർ പേജ് ആണ് ഫയലിൽ ഉൾപ്പെടുത്തിയത്.

3ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ ലിസ്റ്റ് വെച്ചിട്ടുണ്ട് .എന്നാൽ ഒരിടത്തും പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

4.ജനകീയ എസ്റ്റിമേറ്റ് അല്ല ഉള്ളത്, അനാലിസിസ് ഓഫ് ഡാറ്റാ സർവ്വേ ഡാറ്റാ എന്നിവ സൂക്ഷിച്ചിരുന്നില്ല.

5.ഡിമാൻഡ് വെള്ളപേപ്പറിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്.

6.അലൊക്കേറ്റ് ചെയ്ത രേഖ കാണാൻ സാധിച്ചിട്ടില്ല.

7.ആനുവൽ ആക്ഷൻപ്ലാൻ സാങ്കതേിക അനുമതി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് .എന്നാൽ ഗ്രാമസഭ അംഗീകരിച്ച സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

8.ഭരണാനുമതി ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

9.വർക് അലോക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

10.ചെക്ക് ബുക്കിനു സമാനമാണ് മസ്റ്റർറോൾ. അതിനാൽ തന്നെ മസ്റ്റർറോളിൽ യാതൊരു വെട്ടിത്തിരുത്തലും പാടുള്ളതല്ല. വെട്ടി തിരുത്തൽ ഉണ്ടായാൽ തന്നെ ഉദ്യോഗസ്ഥർ അതിനു മേലുള്ള വിശദീകരണം ചേർക്കേണ്ടതാണ് മാസ്റ്റർറോളിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെട്ടിട്ടുണ്ട്.

അവ ചുവടെ കൊടുക്കുന്നു

**<u>IF/395603-കിണർ നിർമാണം</u>**

*മസ്റ്റർറോൾ. നം 18693, ഒരു ദിവസത്തെ ഹാജർ വെട്ടിയതായി കാണാൻ കഴിഞ്ഞു.

*മസ്റ്റർറോൾ. നം18694- 4 ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നതായി കാണപ്പെട്ടിരിക്കിന്നു.

*മസ്റ്റർറോൾ. നം:18696 ഒരു ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നു.

*മസ്റ്റർറോൾ. നം:18698- 4 ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നതായി കാണാൻ കഴിഞ്ഞു. **<u>.LD/313630-മൺകയ്യാല</u>**

*മാസ്റ്റർ റോൾ. നം :11440-10/52 സുന്ദരശേന്റെ ഹാജർ തിരുത്തിയിരിക്കുന്നു. 10/59-

കരുണാകരൻ ഹാജർ തിരുത്തി ഇരിക്കുന്നു.

*മസ്ററ്ർറോൾ. നം:11439-

10/27 ഓമന  ഹാജർ തിരുത്തിയിരിക്കുന്നു.

*മസ്ററ്ർറോൾ. നം:9720-

10/41 ചിന്നമ്മ സാമുവൽ  ഹാജർ തിരുത്തിയിരിക്കുന്നു.

10/31-സാലി  ഹാജർ തിരുത്തിയിരിക്കുന്നു.

*മസ്ററ്ർറോൾ. നം: 9718-10/41-ചിന്നമ്മ സാമുവൽ ഹാജർ തിരുത്തിയിരിക്കുന്നു.

*മസ്ററ്ർറോൾ. നം:8216-10/39 പാറു കുട്ടി ഹാജർ തിരുത്തിയിരിക്കുന്നു

10/4-പൊടിയൻ ഹാജർ തിരുത്തിയിരിക്കുന്നു.

*മസ്ററ്ർറോൾ. നം:8214-10/25-കൊച്ചു പണ്ണ് ഹാജർ തിരുത്തിയിരിക്കുന്നു.

10/39-പാറുക്കുട്ടി ഹാജർ തിരുത്തിയിരിക്കുന്നു

*മസ്ററ്ർറോൾ. നം:8212-10/14 ലീലാമ്മ -ഹാജർ തിരുത്തിയിരിക്കുന്നു.

10/41-ചിന്നമ്മ സാമുവൽ -ഹാജർ തിരുത്തിയിരിക്കുന്നു.

**IF/381841** -കിണർ നിർമാണം

*മാസ്ററ്ർ റോൾ. നം :19769-ഒരു ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നു.

*മസ്ററ്ർറോൾ. നം:19768-10/184-ഒരു ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നു.

* മസ്ററ്ർറോൾ. നം:17999-10/184-ഒരു ദിവസത്തെ ഹാജർ വെട്ടിയിരിക്കുന്നു )

-ബി ഡി ഓ യുടെ ഒപ്പും സീലും ഉണ്ട് എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

- സെക്രട്ടറി ഒപ്പും സീലും  ചെയ്തിട്ടുണ്ട് തീയതി രേഖപ്പെടുത്തിയിട്ടില്ല.

- മസ്ററ്ർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥൻ എല്ലാ മസ്ററ്ർറോളിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

-മസ്ററ്ർറോളിൽ  വെട്ടിതിരുത്തലുകൾ   ഉള്ളിടത്ത് കൗണ്ടർ സൈൻ ചെയ്തിട്ടില്ല.

-M ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ  രേഖപെടുത്തിയിട്ടില്ല.

11.മെഷർമെൻറ് ബുക്ക് കോപ്പി ഉണ്ട്.

12.ഫണ്ട് ട്രാൻസ്ഫർ ഓർഡർ  സൂക്ഷിച്ചിട്ടുണ്ട്.

13.പ്രവർത്തിക്കു മുൻപ്, പ്രവർത്തി വേളയിൽ, പ്രവർത്തിക്കു ശേഷം എന്നീ ഘട്ടങ്ങളായുള്ള ഫോട്ടോഗ്രാഫുകൾ ഉണ്ടെങ്കിലും അത് സ്ററ്റുഡിയോയിൽ നിന്ന് എടുത്തത് ആണ്. അതിനോടൊപ്പം ബില്ല് സൂക്ഷിച്ചിട്ടില്ല.

14.പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം ഫയലിൽ ചേർത്തിട്ടുണ്ട് എന്നാൽ, ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ്  രേഖപ്പെടുത്തിയിട്ടില്ല .

15.വ്യക്തിഗത നിർമാണങ്ങൾക്കൊന്നും സൈറ്റ് ഡയറി കാണാൻ സാധിച്ചില്ല, മൺകയ്യാല നിർമാണത്തിന്റെ ഫയലിൽ മാത്രമേ സൈറ്റ് ഡയറി കാണാൻ കഴിഞ്ഞുള്ളു.  .

വിജിലൻസ് ആൻഡ് മോണിറ്ററിങ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## ഫീൽഡ് പരിശോധന കണ്ടെത്തലുകൾ

1. പ്രദേശത്തെ വീടുകളിൽ സന്ദർശിച്ചപ്പോൾ തൊഴിലുറപ്പിനെ കുറിച്ച് അറിവുണ്ടായിരുന്നു എങ്കിലും. അവരുടെ വീടുകളിൽ തൊഴിലുറപ്പ് വഴി ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ഉണ്ട് എന്ന് അറിയില്ലായിരുന്നു.

2.തൊഴിലാളികൾക്ക് അവരുടെ അവകാശത്തെ കുറിച്ച് വളരെ പരിമിതമായ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ

3.260 തരം പ്രവർത്തികൾ ഉണ്ട് എങ്കിലും അതിൽ വളരെ കുറച്ച് പ്രവർത്തികളെ കുറിച്ച് മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അറിവ് ഉണ്ടായിരുന്നുള്ളൂ.

4.ഭൂരിഭാഗം തൊഴിലാളികളും തൊഴിലുറപ്പുപദ്ധതി അവരുടെ അവകാശമായ അല്ല കരുതിയത്. മേറ്റും പഞ്ചായത്ത് മെമ്പറും ചേർന്ന് കണ്ടെത്തി തന്ന തൊഴിൽ ആണെന്നാണ് കരുതിയിരുന്നത്.

5.തൊഴിലുറപ്പ് AEപഞ്ചായത്ത് മെമ്പർ എന്നിവർ എല്ലാം പ്രോജക്ട് മീറ്റിംഗിൽ പങ്കെടുക്കുന്നതായി കണ്ടെത്തി.

6.ഈ വാർഡിൽ പരിശോധിച്ചപ്പോൾ പൂർത്തിയാക്കിയ ചില പ്രവർത്തികൾക്ക് ഇതുവരെ മുഴുവൻ തുകയും നൽകാത്തതായി കണ്ടെത്തി.

7.മൺ കയ്യാല നിർമാണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് കൂടുതൽ വസ്തു ഉള്ള കുടുംബങ്ങളെ ആണ്.

8.തൊഴിലാളികൾക്ക് തണൽ സൗകര്യങ്ങൾ,, സുരക്ഷ ഉപകരണങ്ങൾ എന്നിവ ഇല്ല എന്ന് കണ്ടെത്തി. സുരക്ഷ ഉപകരണങ്ങൾ നൽകിയത് ഒരു തവണത്തെ ഉപയോഗം കൊണ്ടുതന്നെ ഉപയോഗ ശൂന്യമായി.

9.ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോട്ടോയിലെ കിണർ അല്ല ഫീൽഡിൽ കാണാൻ സാധിച്ചത്.

10.സ്ഥിരമായി രണ്ടു പേർ മാറിയും തിരിഞ്ഞും ആണ് മേറ്റ് സ്ഥാനം വഹിക്കുന്നത്.

11.നിയമം പ്രകാരം ഉടമസ്ഥരുടെ ഭൂമിയിൽ തൊഴിൽ ചെയ്യുകയാണെങ്കിൽ തൊഴിലാളിയോടൊപ്പം ഉടമയും തൊഴിൽ ചെയ്യണം എന്നിരിക്കെ എല്ലാ സ്ഥലങ്ങളിലും അങ്ങനെ കാണാൻ കഴിഞ്ഞിട്ടില്ല.

12.തൊഴിൽ അവസാനിച്ചു 15 ദിവസത്തിനകം വേതനം കിട്ടണം എന്നിരിക്കെ 2

മാസമായി വതേനം ലഭിച്ച്ചിട്ട്ടില്ല.

**ഫീൽഡ് സന്ദർശനത്തിൽ കണ്ടെത്തിയത്**

എസ്റ്റിമേറ്റ് പ്രകാരം 6 പ്രവർത്തികളുടെ ഫയലും പ്രവർത്തി സ്ഥലവും പരിശോധിക്കുക ഉണ്ടായി.

*രണ്ട് കല്ല് കയ്യൊല നിർമാണവും രണ്ട് കിണർ നിർമാണവും ഒരു കക്കൂസ് നിർമാണവും ഒരു മൺ കയ്യാല നിർമാണവും ആയിരുന്നു പ്രവർത്തികൾ.
*m.ബുക്കിൽ പറഞ്ഞിട്ടുള്ള എല്ലാ ഉപഭോക്താക്കളുടെ പ്രവർത്തികളും ചെയ്തതായി കാണാൻ സാധിച്ചു.
*കാടു കയറിയത് മൂലവും ഇടിഞ്ഞു പോയതിനാലും അളക്കാൻ പോലും കഴിയാത്ത തരത്തിൽ ഉള്ള കയ്യൊലകളും കൂട്ടത്തിൽ ഉണ്ടായിരുന്നു.

**<u>സിറ്റിസൺ ഇൻഫർമഷേൻ ബോർഡ്</u>**

- **IF/381841-**കിണർ നിർമാണം **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.
- **IF/395604-**കിണർ നിർമാണം **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.
- **IF/378877-**കല്ല് കയ്യാല നിർമാണം **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.
- **IF/371737-**കല്ല് കയ്യാല നിർമാണം **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.
- **IF/373000-**വ്യക്തിഗത കക്കൂസ് നിർമാണം **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്, എന്നാൽ വർക്ക് കോഡ് രേഖപ്പെടുത്തിയിട്ടില്ല.
- **LD/313630-**മൺകയ്യാല **-**സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. .

## 12.**നിർദ്ദശേങ്ങൾ**

**തൊഴിലാളികൾക്ക്:**

1.തൊഴിലാളികൾ കൃത്യമായി അവകാശങ്ങൾ മനസ്സിലാക്കുകയും അതുവഴി അവകാശങ്ങൾ നടേിയടെുക്കുക യും വണേം.

2. തൊഴിൽ സംബന്ധമായ ഏത് അപക്ഷേ, പരാതി എന്നിവ നൽകുമ്പോഴും ബന്ധപ്പട്ടെ അധികാരികളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങണേ്ടതാണ്.

3. തൊഴിൽ ഗ്രൂപ്പായി കണ്ടത്തെി അത് ചയ്യെുവാൻ പഞ്ചായത്തിൽ തൊഴിൽ അപക്ഷേ നൽകുന്നത് വഴി 100 ദിവസത്ത തൊഴിലൽ ഉറപ്പ് ആക്കാൻ ശ്രമിക്കുക

4. ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് നൽകി കൃത്യമായി പൂരിപ്പിച്ച ശഷേം തിരികെ വാങ്ങണേ്ടതുമാണ്.

5. ഗ്രാമസഭകളിൽ പങ്കടെുത്ത് നിർദ്ദശേങ്ങളും അഭിപ്രായങ്ങളും അറിയിക്കണേ്ടതാണ്.

**മറ്റേ്മാർക്ക്**

1. സറ്റൈ് ഡയറി, മസ്റ്റർ റോൾ, തൊഴിൽ കാർഡ് എന്നിവ കൃത്യമായി രഖേപ്പടെുത്തുക, വട്ടെിതിരുത്തലുകൾ ഉണ്ടാകാൻ പാടില്ല

2. പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക

3. തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശഷേം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക

4. ദാഹജലം തണൽ മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടന്നെ് ഉറപ്പുവരുത്തുക

5. സറ്റൈ് ഡയറി കൃത്യമായി പൂരിപ്പിക്കുന്ന തോടൊപ്പം മോണിറ്ററിങ് എത്തുന്നവരുടെ നിർദ്ദശേങ്ങളും ഒപ്പം കൃത്യമായി രഖേപ്പടെുത്തുക

6. മറ്റു തൊഴിലാളികൾ മറ്റേ് സ്ഥാനം ഏറ്റടെുക്കുന്നതിന് സഹായിക്കുക

**ഉദ്യോഗസ്ഥർക്ക്**

1. തൊഴിൽകാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക

2. പ്രവർത്തി സ്ഥലം പരിശോധിച്ച് പ്രവർത്തി ആവശ്യമെങ്കിൽ അർഹമായവർക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുക

3. പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിറ്ററിംഗ് ചെയ്ത് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

4. ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ പേര്, ഒപ്പ്, സീല് തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം

5. ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും ഉണ്ടാക്കണം

6. ആനുവൽ മാസ്റ്റർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട22 രേഖകൾ

കൃത്യമായി സൂക്ഷിക്കണം.

7. പ്രവർത്തി ആരംഭ മീറ്റിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ പറഞ്ഞു

മനസ്സിലാക്കേണ്ടതാണ്

8. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി, പ്രോജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പങ്ക് ഉറപ്പിക്കേണ്ടത് ആണ്.

9.ടൈം ആൻഡ് മോഷൻ ഉപയോഗിച്ചു എസ്റ്റിമേറ്റ് തയ്യാറാക്കുക.

**ഗ്രാമ പഞ്ചായത്തിനോട്**

1. കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക

2. ഇപ്പോഴുള്ള വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ മാറ്റി പുതിയ കമ്മിറ്റി രൂപീകരിക്കുക

3. സ്ഥിര ആസ്തിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം

4. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക

5. തൊഴിലുപകരണങ്ങൾ ഗുണമേന്മയുള്ളതും സ്ത്രീ സൗഹൃദവും ആണെന്ന്

ഉറപ്പാക്കുക

6. തുക വിനിയോഗിക്കുന്നതിന് ആപേക്ഷികമായ ആസ്തികൾ ഉണ്ടാകുന്നു എന്ന്

ഉറപ്പുവരുത്തുക

## .നീരീക്ഷണ /പ്രശ്നപരിഹാര സംവിധങ്ങൾ

<u>പരാതി പരിഹാരം</u>

സംയബന്ധിതമായ പ്രശ്നപരിഹാരം എന്നത് മഹാത്മാഗാന്ധി ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സെക്ഷൻ 19 പ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന അവകാശങ്ങളിൽ ഒന്നാണ്.പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതു പരാതിയിലും പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിച്ചാൽ പരിഹാരം നൽകണമെന്നാണ് തൊഴിലുറപ്പു നിയമം  അനുശാസിക്കുന്നത്. പരാതി എഴുതിയോ ഓൺലൈൻ ആയോ കൊടുക്കാവുന്നതാണ്.ലഭിച്ച പരാതികൾ എഴുതി സൂക്ഷിക്കുന്നതിയായി ഒരു പരാതി റജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കണ്ടേത് ആയിരിക്കുന്നു .
സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ ഇതുവരെയും ഒരു പരാതിയും രഖേപ്പടെുത്തിയതായി കണ്ടില്ല. പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടനെ പരാതി റജിസ്ററിൽ എഴുതണ്ടേതും അഞ്ചു ദിവസത്തിനുള്ളിൽ പരാതിയിൽമേൽ ഉള്ള നടപടി സ്വീകരിക്കുകയയും  ഏഴു ദിവസത്തിനുള്ളിൽ പരാതിക്കാരന് മറുപടി ലഭിക്കണ്ടേതുമാണ് .ഓരോ പതിനാലു ദിവസം കൂടുമ്പോഴും ബിപിഓ പഞ്ചായത്തുകളിൽ എത്തി പരാതി സംബന്ധിച്ച രഖേകൾ പരിശോധിക്കണ്ടേതാണ്.

ടോൾ ഫ്രീ നമ്പറുകൾ നിലവിൽ ഉണ്ടങ്കിലും തൊഴിലാളികൾ അതിനെ കുറിച്ച് അറിവുള്ളവർ അല്ല.ബന്ധപ്പെട്ട അധികാരികൾ അവർക്ക് അതിനെക്കുറിച്ച് ബോധ്യപ്പടെുത്തണം എന്ന് ഓർമിപ്പിക്കുന്നു.

## വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രധാനപ്പെട്ട വിഭാഗമാണ് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി. വി എം സി യിൽ കുറഞ്ഞത് 5 പേര് എങ്കിലും അംഗങ്ങളായിരിക്കണം. SC/ST വിഭാഗത്തിൽ പെട്ടവർ, ടീച്ചേർസ്, അംഗനവാടി വർക്കേഴ്സ്, സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ, തുടങ്ങിയ വിഭാഗങ്ങളിൽ നിന്നാണ് വി എം സി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്.പകുതി അംഗങ്ങൾ സ്ത്രീകൾ ആയിരിക്കണം. AMC ചാപ്റ്റർ 10 4.3 പ്രകാരം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റിയിലെ അംഗങ്ങളുടെ കാലാവധി 6 മാസമാണ്. ഇവർ തൊഴിൽ നടക്കുന്ന പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. പൂർത്തീകരണ സമയത്ത് ചെയ്ത പ്രവർത്തികളുടെ ഗുണമേന്മ വിലയിരുത്താവുന്നതും അത് സൈറ്റ് ഡയറിയിൽ രേഖപ്പെടുത്താവുന്നതും അതോടൊപ്പം അത് പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാവുന്നതും ആണ്. ഇത് പ്രവർത്തിയുടെ വർക്ക് ഫയലിന്റെ ഭാഗമാക്കേണ്ടതും ആണ്.

തൊഴിലാളികളുമായി സംവദിച്ചപ്പോൾ മനസിലായത് അവരുടെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി അംഗങ്ങളെ സംബന്ധിച്ചു മറ്റ് കുറച്ചു പേർക്ക് മാത്രമേ അറിയാവൂ എന്നതാണ്. മറ്റു ചിലർക്ക് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി എന്താണെന്നു കൂടി അറിയുകയേ ഇല്ല. ഇതിൽ നിന്നും ഈ വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി സജീവമല്ല എന്ന് മനസിലായി.

## അവകാശാധിഷ്ഠിത നിഷധേങ്ങൾ

### തൊഴിൽ കാർഡ്

* ഗ്രാമ പ്രദശേത്ത് താമസക്കാരായ കുടുംബത്തിലെ 18 വയസ്സ് തികഞ്ഞ അവിദഗ്ധ കായിക അധ്വാനത്തിൽ ഏർപ്പടെുവാൻ താല്പര്യമുള്ള ഏതൊരാൾക്കും തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശമുണ്ട്.
* ഈ കാർഡിനുള്ള അപക്ഷേ പഞ്ചായത്തിൽ കൊടുക്കുകയും അപക്ഷോഫോറത്തോടൊപ്പം അടിസ്ഥാന രഖേകൾ കവൈശം ഇല്ലാത്തവർ വാർഡ് മമ്പൈർ യിൽ നിന്നും സാക്ഷ്യപത്രം വാങ്ങണേടതാണ്
*ഈ കാർഡിന്റെ പൂർണ്ണ അവകാശം തൊഴിൽ കാർഡ് ഉടമയ്ക്ക് മാത്രമുള്ളതും ഇത് മറ്റാരുടയേും കവൈശം വക്കൊൻ പാടില്ലാത്തതുമാണ്. എന്നാൽ തൊഴിൽ വിവരങ്ങൾ രഖേപ്പടെുത്തുവാൻ മറേ്റ് മാത്രം തൊഴിൽ കാർഡ് കൈ മാറാവുന്നതാണ്.

പരിശോധന നടത്തിയ ഏറത് 10ആം വാർഡിലെ വിവിധ പ്രവർത്തികളുടെ തൊഴിൽ സംബന്ധിച്ച തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പടെ്ടിട്ടുണ്ട്

*പരിശോധിച്ച തൊഴിൽ കാർഡുകളിൽ എല്ലാം ഫോട്ടോ തൊഴിലാളികൾ സ്വന്തം പണം കൊടുത്ത് സ്റ്റുഡിയോയിൽ നിന്നും എടുത്തതാണ്. തൊഴിൽ കാർഡ് സൗജന്യമായി നൽകണേടപ്പോൾ കുറഞ്ഞത് 100 രൂപ ഓരോ തൊഴിലാളിയും തൊഴിൽ കാർഡിനായി ചിലവഴിക്കുന്നു. ഇത് അവകാശ ലംഘനമാണ്.
47 തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും 47*100=4700/-രൂപ പൊതു പണത്തിന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു.

**തൊഴിൽ കാർഡിൽ കണ്ടത്തിയ വിവരങ്ങൾ**

*തൊഴിൽ കാർഡിൽ ഹാജർ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

* ഡിമാൻഡ് ചെയ്ത വിവരമോ തൊഴിൽ

ആവശ്യപ്പെട്ട തീയതി, തൊഴിൽ ആവശ്യം പെട്ട കാലയളവ് (ആദ്യദിവസം, അവസാനദിവസം ) തൊഴിൽ ദിവസങ്ങളുടെ എണ്ണം, ഇ. മസ്റ്റർ റോൾ നമ്പർ ലഭിച്ച കൂലി ഗ്രാമ റോസ്ഗാർ സഹായകന്റെ /ചുമതല യുള്ള ഉദ്യോഗസ്ഥർന്റെ ഒപ്പ്, കൂലി കൊടുത്ത തീയതി തൊഴിൽ ഇല്ലായിമ വേതനം തുടങ്ങി യവ ഒന്നും തന്നെ രേഖ പെടുത്തിയിട്ടില്ല .

*തൊഴിലാളികൾ സ്വന്തമായി ആണ് ഹാജർ രേഖപ്പെടുത്തുന്നത് എന്നും അറിയാൻ കഴിഞ്ഞു

## തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പറ്റുന്ന പ്രധാന പ്രവർത്തികൾ

***വിഭാഗം എ :** പ്രകൃതി വിഭവ പരിപാലനാവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾ

***വിഭാഗം ബി** : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് ഉള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

***വിഭാഗം സി** : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

***വിഭാഗം ഡി** :ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

**പദ്ധതിപ്രകാരം തൊഴിലാളികൾക്ക് നിഷ്കർഷിച്ചിട്ടുള്ള പത്ത് അവകാശങ്ങൾ**

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം
2. തൊഴിൽ കാർഡിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശം
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ( ആദ്യത്തെ 30 ദിവസം 1/4 ഉം പിന്നീടുള്ള ദിവസങ്ങളിൽ1/2ഉം )
4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശം
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.
6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം
7. 15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കുന്നതിനുള്ള അവകാശം
8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം
9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

**പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം

2. 18 വയസ്സ് പൂർത്തിയായായിരിക്കണം.

3.ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും

4.കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം

5. ജോലിക്ക് മുൻകൂർ ആയും അപേക്ഷിക്കണം.

6.അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലങ്കെിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മാ വേതനം

7. തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രഖോമൂലം നൽകണം.

8 മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി

9.കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും പോയിന്റ് 0.05 ശതമാനം നിരക്കിൽ നഷ്ടപരിഹാരം

10.ആകെ തൊഴിലിന്റെ മൂന്നിലൊന്ന് സ്ത്രീകൾക്ക് കുടുംബത്തിന് പരമാവധി 100 ദിവസം

11. അഞ്ച് കിലോമീറ്ററിനുള്ളിൽ ജോലി അല്ലങ്കെിൽ 10% അധികം കൂലി

12. കുടിക്കുവാനുള്ള വള്ളെം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി ഇടങ്ങളിൽ ഉണ്ടായിരിക്കണം

13. പരിക്കു പറ്റിയാൽ സൗജന്യചികിത്സ.

14. അപകടമരണം/ സ്ഥിര അംഗവകൈല്യ ത്തിന് നഷ്ടപരിഹാരം

15. അഞ്ച് വയസ്സിൽ താഴയെുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം

16. കുട്ടിക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യചികിത്സ മരണത്തിന് എക്സ്ഗ്രഷെ്യ.

**<u>തൊഴിലാളികൾക്ക് ചില കടമകൾ കൂടി നിവഹിക്കേണ്ട ബാധ്യതയുണ്ട്</u>**

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പ് വെക്കുക.
2. തൊഴിലുറപ്പ് ഗ്രാമസഭക്കും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭക്കും കൃത്യമായി പങ്കെടുക്കുക.
3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനോ പാടില്ല.
4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആരംഭ ഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കേണ്ടതാണ്.
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
6. ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ കണ്ടെത്തി മേറ്റിനെയും പഞ്ചായത്ത് അധികൃതരെയും അറിയിക്കുക.

**മൺകയ്യാല നിർമാണം (LD/313630)**

| ഉപഭോക്താവ് | മഷെർമൻെറ് ബുക്ക് പ്രകാരമുള്ള കയ്യാല അളവ് (m3) | ഫീൽഡ് പരിശോധനയിൽ കണ്ടത് (m3) |
|---|---|---|
| രാമചന്ദ്രൻ പിള്ള | 231 | 228. 66 |
| ജനൈമ്മ | 288.75 | 284.32 |
| ഭാസുര | 288.75 | 281.60 |
| കൊച്ചയ്യ | 69.3 | 68.66 |
| സോമിനി ബാബു | 288.75 | 287.46 |
| ലീലാമ്മ | 17.325 | 15.453 |
| ഹലെൻ | 28.875 | 23.216* |
| ചന്ദ്രമതി | 57.75 | 51.56* |
| റാഹില | 115.5 | 108.948* |
| ചിന്നമ്മ | 57.75 | 54.63 |

*ചന്ദ്രമതി, പനവിള വടക്കതേിൽ ഏകദശേം 5m3 കയ്യാല കാടു മൂലം അളക്കാൻ സാധിച്ചില്ല.

*ഹലെൻ, കീറീപ്ലാവിള -ഏകദശേം 4m3 കയ്യാല കാട് മൂലം അളക്കാൻ സാധിച്ചില്ല.

*റാഹില, ഉദിവിള വടക്കതേിൽ ഏകദശേം 6m3 കയ്യാല കാട് മൂലം അളക്കാൻ സാധിച്ചില്ല.

മഷെർമൻെറ് ബുക്ക് പ്രകാരം ആകെ ഏരിയ =1443.75m3

ഫീൽഡ് പരിശോധനയിൽ കണ്ടത്തെിയത് (അളക്കാൻ കഴിയാതിരുന്നത് ഉൾപ്പടെ ) =1419.507m3

വ്യത്യാസം =1443.75-1419.507=24.243m3

ബാധ്യത = 4492.95

CIB =2485/-

ബാധ്യത =4492.95+2485=6977.95/-

**കിണർ നിർമാണം**

| ഉപഭോക്താവ് | മെഷർമെൻറ് ബുക്ക് പ്രകാരമുള്ള വിസ്തീർണം (m3) | ഫീൽഡ് പ്രകാരം വിസ്തീർണം (m3) |
|---|---|---|
| റോസമ്മ (IF/395603) | 4.71 | 4.74 |
| മനോഹരൻ (IF/371337) | 4.71 | 4.83 |

മെഷർമെൻറ് ബുക്ക് പ്രകാരം ആകെ ഏരിയ =9.42m3

ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത് =9.57m3

2 കിണർ നിർമാണത്തിലും CIB കാണാൻ കഴിഞ്ഞില്ല.

2 CIB ക്ക് അനുവദിച്ച തുക =500*2=1000/-

ബാധ്യത =1000./-

**കല്ലുകയ്യാല നിർമാണം**

| ഉപഭോക്താവ് | മെഷർമെൻറ് ബുക്ക് പ്രകാരമുള്ള വിസ്തീർണം (m3) | ഫീൽഡ് പരിശോധന പ്രകാരമുള്ള വിസ്തീർണം (m3) |
|---|---|---|
| പാറുക്കുട്ടി (IF/378877) | 12.8 | 12.62 |
| ലാസർ (IF/371337) | 25.5 | 25.4 |

മഷെർമൻെറ് ബുക്ക്  പ്രകാരം ആകെ ഏരിയ =38.3m3

ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത് =38.02m3

വ്യത്യാസം =38.3-38.02=0.28m3

ബാധ്യത =851.2/-

**<u>കക്കൂസ് നിർമാണം -ഭാസ്കരൻ, പട്ടശ്ശേരിൽ</u>**

- കക്കൂസിന്റെ പണി പൂർത്തീകരിച്ചത് ആണ്.
- കക്കൂസ് ഉപയോഗ യോഗ്യമാണ്.
- CIB സ്ഥാപിച്ചിട്ടുണ്ട്.

വാർഡിലെ ആകെ ബാധ്യത =851.2+1000+6977.95
=8,829.15/-

**ഈ  വാർഡിൽ നടത്താവുന്ന പ്രവർത്തികൾ**

- തരിശായികിടക്കുന്ന  സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുക
- റബർ തോട്ടങ്ങളിൽ തട്ട് തിരിക്കൽ
- മഴക്കുഴികൾ നിർമ്മിക്കുക
- അംഗൻ വാടി കെട്ടിട നിർമാണം
- കരിങ്കൽ ബണ്ട് നിർമാണം
- തോട് നവീകരണം

**തൊഴിൽ കാർഡ് വിവരങ്ങൾ**

| | |
|---|---|
| 1. സൂസമ്മ രാജൻ | - 10/11 |
| 2.തങ്കച്ചൻ | -10/50 |
| 3.ശോശാമ്മ | -10/43 |
| 4.രാജു. P | -10/172 |
| 5.ചെല്ലമ്മ | -10/47 |
| 6.ശാന്തമ്മ. കെ | -10/192 |
| 7.ഗായത്രി.R | -10/95 |
| 8.P.D.ഡേവിഡ് | -10/3 |
| 9.ഗീത. O | -10/69 |
| 10. കുഞ്ഞു പെണ്ണ് | -10/146 |
| 11. ഭാരതി | -10/120 |
| 12.മനോഹരൻ. K. കുമാരൻ | -10/184 |
| 13. ബാലൻ | -10/5 |
| 14.ഗോപാലൻ | -10/36 |
| 15.പാറുക്കുട്ടി. L | -10/39 |
| 16.ചെല്ലമ്മ | -10/154 |
| 17.പൊടിയൻ | -10/134 |
| 18.ഭാസ്കരൻ | -10/25 |
| 19.സരസ്വതി അമ്മ | -10/201 |
| 20.സാലി സാംകുട്ടി | -10/31 |
| 21.ലാസർ | -10/14 |
| 22.അജിത തുളസിധരൻ | -10/26 |
| 23.ശ്രീധരൻ | -10/202 |
| 24.പ്രദീപ് | -10/30 |
| 25.K.രാഘവൻ | -10/24 |

26.സരസമ്മ -10/20

27.വാസുദേവൻ -10/29

28.രവീന്ദ്രൻ -10/123

29.ലൈല ബീവി -10/110

30.പ്രകാശ് -10/57

31.നയോമി -10/21

32. പൊടിയൻ -10/4

33. തങ്കച്ചൻ -10/27

34. പത്രോസ് -10/152

35. ലത -10/78

36. മാത്യു -10/10

37. ശോഭന വില്യം -10/122

38 എ. നാരായണൻ -10/16

39. ലൂക്കോസ് -10/45

40. ഗോവിന്ദൻ കെ -10/70

41. ഷാജി എൻ -10/34

42. ഭാരതി -10/119

43. റോസമ്മ -10/137


44. കലാ ദേവി -10/33

45. ജെയിംസ് -10/49

46. ഭവാനി അമ്മ -10/204

47. ശോശാമ്മ -10/43

**ജിയോ ട്രാക്ക് വിവരങ്ങൾ**




**നന്ദി**

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ച പത്തനംതിട്ട ഡി ആർ പിക്കും പറക്കോട് ബ്ലോക്ക് എ ഇ ക്കും ഏറത്തു ഗ്രാമപഞ്ചായത്ത് 10ആം

വാർഡ് മെമ്പർ, മറ്റു ഉദ്യോഗസ്ഥർ തൊഴിലുറപ്പ് തൊഴിലാളികൾ മറ്റേ് മാർ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി രഖേപ്പടുെത്തുന്നു

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

2019 നവംബർ 27ആം തീയതി വാർഡ് മമ്പെറിന്റെ വസതിയിൽ കൂടിയ വാർഡ് 10 മഹർഷിക്കാവ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ജനപ്രതിനിധികൾ, പഞ്ചായത്തിലെ എം ജി എൻ ആർ ഇ ജി എ ഉദ്യോഗസ്ഥർ, തൊഴിലാളികൾ റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ ഉൾപ്പടെ 63 പേർ പങ്കെടുത്തു.



ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

- ജനകീയ ഭാഷകൾ എസ്റ്റിമേറ്റ് ലഭ്യമാക്കണം.
- മൂന്നുമാസമായി കിട്ടാനുള്ള വേതനം എത്രയും പെട്ടന്നെന്ന് തന്നെ ലഭ്യമാക്കണം
- മെറ്റീരിയൽ വർക്കിന്റെ ഫണ്ട് അനുവദിക്കുന്നതിലെ താമസം ഒഴിവാക്കണം.
- ദിവസ വേതനം വർധിപ്പിക്കണം .

- കനത്ത മഴ മൂലം ഇടിഞ്ഞു പോയ കയ്യാലക്ക് മേൽ ബാധ്യത നൽകുന്നത് ഒഴിവാക്കണം.
- വ്യക്തിഗത നിർമാണങ്ങൾക്ക് ചുമത്തുന്ന ബാധ്യത ഒഴിവാക്കണം.

**ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ**

- അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ ജനകീയ എസ്റ്റിമേറ്റ് ലഭ്യമാക്കും.
- മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ അതിന് കാരണം മേറ്റ് ഒരു വെള്ളപേപ്പറിൽ എഴുതി നൽകും.
- ഡിമാൻഡ് ഫോം ഇനിമുതൽ പഞ്ചായത്തിൽ നിന്നും യാതൊരു ചിലവും ഈടാക്കാതെ ലഭ്യമാക്കും.
- തൊഴിൽ കാർഡിനായി അപേക്ഷിക്കുന്ന വ്യക്തികൾക്ക് പഞ്ചായത്ത് സ്വന്തം ചിലവിൽ ഫോട്ടോ എടുത്തു നൽകും.
- 14 ദിവസം കൂടുമ്പോൾ മേറ്റ് മാറും.
- പുതിയ വിഎംസി അംഗങ്ങളെ തിരഞ്ഞെടുക്കും.
- മൺകയ്യാല, 2 വ്യക്തിഗത കിണർ നിർമാണം എന്നിവയുടെ CIB സ്ഥാപിക്കാത്തത് മൂലം ചുമത്തിയ ബാധ്യത മേൽ പറഞ്ഞ പ്രവർത്തികൾക്ക് CIB സ്ഥാപിച്ചതിനാൽ ഒഴിവാക്കാവുന്നതാണ്.
- കല്ല് കയ്യാല നിർമാണത്തിൽ ചുമത്തിയ ബാധ്യത മെറ്റീരിയൽ വേസ്റ്റേജ് ഇനത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കാവുന്നതാണ്

**അധ്യക്ഷൻ :**

**DRP** :
**BRP** :